# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1620 | 06.03.2017-ൽ മറുപടിക്ക്

### ഹരിപ്പാട് നഗരസഭയ്ക്ക് കൂടുതൽ ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ഹരിപ്പാട് നഗരസഭയ്ക്ക് 2016-17 ലെ ബഡ്ജറ്റിൽ വാർഷിക പദ്ധതി വിഹിതമായി അനുവദിച്ചത് എന്ത് തുകയാണ്; | എ) ഹരിപ്പാട് നഗരസഭയ്ക്ക് 2016-17 ബഡ്ജറ്റിൽ 1,08,73,000/- രൂപയാണ് വകയിരുത്തിയിരുന്നത്. വികസന ഫണ്ടായി 76,12,000/- രൂപയും 14-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റായി 35,01,588/- രൂപയും അഡീഷണൽ പ്ലാൻ അസിസ്റ്റൻസായി 13,37,726/- രൂപയും ചേർത്ത് ആകെ 1,24,51,314/- രൂപ 2016-17 ഹരിപ്പാട് നഗരസഭയ്ക്ക് അനുവദിച്ചിട്ടുണ്ട്. |
| ബി) ഈ നഗരസഭയുമായി കൂട്ടിച്ചേർത്ത പഞ്ചായത്ത് വാർഡുകളിലെ ജനസാന്ദ്രതയും മറ്റ് ഘടകങ്ങളും അനുസരിച്ചുള്ള ആനുപാതിക വർദ്ധന വാർഷിക പദ്ധതിയടങ്കൽ നിശ്ചയിച്ച അവസരത്തിൽ നൽകിയിട്ടുണ്ടോ; | ബി) പ്രാദേശിക സർക്കാരുകളുടെ എണ്ണത്തിൽ വരുത്തിയ വ്യതിയാനവും പുതിയ നഗരസഭകളുടെ രൂപീകരണവും തന്മൂലം ആവശ്യമായി വന്ന സാമ്പത്തിക ക്രമീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് പ്രാദേശിക സർക്കാരുകൾക്ക് തുക വകയിരുത്തിയിട്ടുള്ളത്. |
| സി) ഫണ്ടിന്റെ അപര്യാപ്തത കാരണം നഗരസഭയുടെ വികസന പ്രവർത്തനങ്ങളും പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങളും താളം തെറ്റുന്നതായ ആരോപണം പരിഗണിച്ച് ഹരിപ്പാട് നഗരസഭയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ? | സി) പ്രാദേശിക സർക്കാരുകൾക്ക് പ്രാദേശിക വികസന ഫണ്ട് അനുവദിക്കുന്നത് ബന്ധപ്പെട്ട സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ഓഫീസർ